CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കർമ്മലയിലെ സൗഗന്ധികങ്ങൾ

## Supplement: 2005-08

Prior General's House
Chavara Hills, Kakkanad, Kochi-682 030, Kerala, India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കർമ്മലയിലെ സൗഗന്ധികങ്ങൾ

## Supplement: 2005-08

Prior General's House
Chavara Hills, Kakkanad, Kochi-682 030, Kerala, India

www.TheCMSIndia.org



**ജനുവരി 8**

**മൂഞ്ഞേലി പോൾ വർഗ്ഗീസ് അച്ചൻ**

**(1940 - 2008), ഇടവക: പുത്തമ്പള്ളി**

1968 ൽ വൈദികനായശേഷം പൗരോഹിത്യ ശുശ്രൂഷയുടെ വൈവിധ്യമാർന്ന മേഖലകളിൽ വലിയ ഉത്സാഹ ത്തോടും തീഷ്ണതയോടും കൂടെ മുഴുകിയ ബ. മൂഞ്ഞേലി യച്ചൻ ബാംഗ്ലൂർ (ധർമ്മാരാം), വാഴക്കുളം, കൊടുവേലി, നീലീശ്വരം, കറുകുറ്റി, ആലുവ എന്നിവടങ്ങളിൽ സേവന കേന്ദ്രങ്ങളാക്കി. ഏകദേശം നാലുപതിറ്റാ ണ്ടുകൾ നീണ്ട പൗരോഹിത്യസേവന വേദികളിൽ ഏറ്റവും ഓർമ്മിക്കപ്പെടുന്നവ ദീപിക ചിൽഡ്രൻസ് ലീഗ് സംസ്ഥാന സംഘാടകൻ, പ്രവിശ്യാഭവനം പ്രിഫെക്റ്റ്, ചുണങ്ങൻവേലിയിലെ കൃപയുടെ ഡയറക്ടർ, ദക്ഷിണാഫ്രിക്കയിലെ ആദ്യകാല പ്രേഷിത സംഘത്തിലെ അംഗം, ടൊറോന്റോയിലെ മലയാളി ക്രൈസ്തവ സമൂഹത്തിന്റെ വികാരി, കളമശ്ശേരി യേശുഭവൻ സുപ്പീരിയർ, രാജഗിരിയിലെ സുസ്ഥിരപരിസ്ഥിതി വിദ്യാഭ്യാസ പരിപാടിയുടെ നിയന്താവ് എന്നീ തലങ്ങളി ലുള്ളവയാണ്. വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുക, നിലനിർത്തുക അദ്ദേഹത്തിന്റെ ഒരു വലിയ സിദ്ധിയായിരുന്നു. ഭവനത്തിൽ വരുന്ന അതിഥികളെ സൽക്കരിക്കുക, അവരുടെ ക്ഷേമവും സൗകര്യവും ഉറപ്പാക്കുക അദ്ദേഹത്തിന് സ്വതസിദ്ധമായി വന്നിരുന്ന ഒരു സദ്ഗുണമാണ്. വിവിധങ്ങളായ രോഗങ്ങളാൽ ജീവിതത്തിലെ അവസാനത്തെ 5 വർഷം ക്ലേശപൂർണ്ണമായിരുന്നെങ്കിലും, ജീവിതത്തെക്കുറിച്ച് മടുപ്പോ, ഉത്സാഹക്കുറവോ അദ്ദേഹം ഒരിക്കലും കാട്ടിയിരുന്നില്ല. വലിയ താല്പര്യത്തോടെ ഓരോ ദിവസവും ജീവിച്ചുപോന്നു. അദ്ദേഹം കളമശ്ശേരി തിരുഹൃദയപ്രവശ്യാഭവനത്തിൽ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു.



**ജനുവരി 11**

**തുരുത്തുമാലിൽ ബ. അബ്രഹാം അച്ചൻ**

**(1940 - 2007), ഇടവക: അർപ്പൂക്കര**

1968-ൽ വൈദികനായ ബ. അബ്രഹാം അച്ചൻ സാഗാറിലെ മിഷനറിയായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ചെത്തിപ്പുഴയിലും, ജഗദൽപൂർ മിഷൻ ലഭ്യമായപ്പോൾ അവിടെചെന്ന് ബിജാപ്പൂർ, ഗാംഗല്ലൂർ എന്നിവടങ്ങളിലും സേവനം ചെയ്തു. യോഗാർത്ഥിഗുരു, കത്തിഡ്രൽ വികാരി, വൈദികവിദ്യാർത്ഥി കളുടെ ആദ്ധ്യാത്മിക നിയന്താവ്, വാർദ്ധ പഠനഗൃഹത്തിന്റെ അഡ്മിനിസ്ട്രേറ്റർ, നവസന്യാസികളുടെ പരിശീലന ടീമിലെ അംഗം എന്നിങ്ങനെ വിവിധ നിലകളിൽ നിസ്തുല സേവനം നൽകിയിട്ടുണ്ട്. മിഷനെയും മിഷനറിമാരെയും ധാരാളം സ്നേഹിച്ച ഒരു പൂർണ്ണമിഷനറിയായിരുന്നു ബ. തുരുത്തുമാലിയച്ചൻ.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## ജനുവരി 12
## വള്ളവന്തറ ബ. ആന്റണി അച്ചൻ
**(1942 - 2008), ഇടവക: ചമ്പക്കുളം**

1974 മെയ് 16-നു പരോഹിത്യം സ്വീകരിച്ചു. പൗരോഹിത്യസ്വീകരണത്തിനുശേഷം ചെത്തിപ്പുഴ തിരുഹൃദയ ഇടവകയിൽ സഹവികാരിയായും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിററിലിന്റെയും മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെയും ചാപ്ലിനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് ബെൽജിയത്ത് ലുവൈനിൽ ആരാധനാക്രമത്തിലും സഭാചരിത്രത്തിലും ഉപരിപഠനം നടത്തി ഡോക്ടറേറ്റു സമ്പാദിച്ചു. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ സഭാചരിത്ര അദ്ധ്യാപകനായി പ്രവർത്തിച്ചിട്ടുള്ള ബഹു. ആന്റണിയച്ചൻ ഒരു ബഹുമുഖപ്രതിഭയായിരുന്നു. ദൈവശാസ്ത്രജ്ഞൻ, സഭാചരിത്രകാരൻ, ലിറ്റർജിസ്റ്റ്, വിവിധ ഭാഷാവിദഗ്ധൻ, ആത്മനിയന്താവ്, അദ്ധ്യാപകൻ, പ്രഭാഷകൻ, സാമൂഹികപ്രവർത്തകൻ, അജപാലകൻ, വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നാമകരണനടപടിക്കുള്ള വൈസ് പോസ്റ്റുലേററർ, ഗ്രന്ഥകർത്താവ്, മനുഷ്യസ്നേഹി, അരൂപിയുടെ മനുഷ്യൻ എന്നീ നിലകളിൽ തനതായ വ്യക്തിത്വം പ്രകാശിപ്പിച്ച അച്ചൻ തന്റെ അവസാന നാളുകളിൽ "Musings of the Spirit"എന്ന പേരിൽ അരൂപിയുടെ പ്രചോദനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്. പാവപ്പെട്ടവരെ സഹായിക്കുന്നതിന് അദ്ദേഹം വളരെ ഉത്സാഹിയായിരുന്നു. തിരുവനന്തപുരം സെന്റ് ജോസഫ് പ്രൊവിൻസിലെ ഒരു ഡസനോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അച്ചൻ ചെയ്ത നിസ്തുലമായ സേവനങ്ങളെ സി.എം.ഐ. സഭ എന്നും നന്ദിയോടെ സ്മരിക്കും.



## ജനുവരി 20
## മടുക്കക്കുഴി ബ. പൊലിക്കാർപ്പച്ചൻ
**(1925 - 2007), ഇടവക: ആനക്കല്ല്**

1959-ൽ വൈദികനായ ബ. പൊലിക്കാർപ്പച്ചൻ പൂഞ്ഞാർ ആശ്രമത്തിലും കാരിക്കാമുറിയിലും ആദ്യകാലങ്ങളിൽ സേവനം ചെയ്തു. പിന്നീട് റെയ്ഗർ അംബിംകപ്പൂർ മിഷനിലും പ്രവർത്തിച്ചു. ബെല്ലാംപള്ളി, തർസാ എന്നിവിടങ്ങളിലെയും ആലുവായിലെ തേരാനൂറിലെയും സേവനങ്ങൾ പ്രത്യേകം സ്മരണീയമാണ്. എല്ലാവരെയും പ്രത്യേകിച്ച് വൈദികവിദ്യാർത്ഥികളെ, അതീവവാത്സല്യത്തോടെ സ്നേഹിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന അസാധാരണവ്യക്തിത്വമായിരുന്നു ബ. പൊലിക്കാർപ്പച്ചന്റേത്. കളമശ്ശേരി പ്രവിശ്യാ ശ്രേഷ്ഠഭവനത്തിൽ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു.



www.TheCMSIndia.org



## ജനുവരി 29
## അറയ്ക്കപ്പറമ്പിൽ ബ. ജോണി അച്ചൻ
## (1941 - 2007), ഇടവക: ചേർത്തല മുട്ടം

ജോണിയച്ചൻ 1972 ഡിസംബർ 18ാം തിയതി വൈദീകപട്ടം സ്വീകരിച്ചു. നരവംശ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ജോണിയച്ചൻ തികഞ്ഞ പണ്ഡിതനും വൈദിക വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക നിയന്താവുമായിരുന്നു. മൈസൂരിൽ വൈദിക വിദ്യാർത്ഥികളുടെ അദ്ധ്യാപകനായും, ബിജ്നോർ പ്രൊവിൻസിൽ മീററ്റിലെ വൈദിക വിദ്യാർത്ഥികളുടെ റെക്ടറായും, ദർശന വാർദ്ധയിൽ അഡ്മിനിസ്ട്രേറ്ററായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. ബിജ്നോറിലുള്ള സെന്റ് ജോൺസ് റീജിയണൽ ഹൗസിലും ധർമ്മാരാമിലും ജോണിയച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 16 വർഷത്തോളം രോഗിയായി തേവര ആശ്രമത്തിൽ ജീവിച്ച ജോണിയച്ചൻ ഏതാനും വർഷം എൽ.എഫ്. പ്രസ്സിൽ അസി. മാനേജരായും ജോലി നോക്കി. തീർത്തും രോഗാവസ്ഥയിലായ ജോണിയച്ചന്റെ അവസാന നാളുകൾ പൊതിയിലുള്ള സേവാഗ്രാമിലായിരുന്നു. ശാന്തപ്രകൃതനായ ജോണിയച്ചൻ സേവനനിഷ്ഠയിൽ എപ്പോഴും കർത്തവ്യനിരതനായിരുന്നു. ദൈവം നൽകിയ രോഗാവസ്ഥയെ സ്നേഹത്തോടുകൂടി ഏറ്റെടുത്ത ജോണിയച്ചൻ സഹനത്തിന്റെ ഒരു മാതൃകയായിരുന്നു.



## ഫെബ്രുവരി 1
## കുന്തറ ബ. ജോസഫ് അച്ചൻ
## (1935 - 2008), ഇടവക: പാണാവള്ളി

1964ൽ വൈദികനായി. കൂനമ്മാവ് കെ.സി.എം.ഐ.ടി.സി. യുടെ പ്രിൻസിപ്പളായും കൃപയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായും, കൂനമ്മാവ് ആശ്രമത്തിന്റെ പ്രിയോരായും, രാജ്കോട്ട് മെത്രാന്റെ സെക്രട്ടറിയായും, കാനഡയിൽ പാസ്റ്ററായും സേവനം ചെയ്തിട്ടുണ്ട്. 12 വർഷം പൊതിയിലെ സേവാഗ്രാമിന്റെ ഡയറക്ടറായി പ്രവർത്തിച്ചു വരുകയായിരുന്നു. ബ. കുന്തറയച്ചൻ ജീവിതത്തെ സ്നേഹിക്കുകയും ജീവിതം ആഘോഷിക്കുകയും ചെയ്ത ഒരു വ്യക്തിയാണ്. മറ്റുള്ളവരോട് എളുപ്പത്തിൽ ഇടപഴകാൻ പ്രത്യേകം കഴിവുണ്ടായിരുന്നു. അതുകൊണ്ടു തന്നെ വളരെ വിശാലമായ ഒരു സുഹൃദ്വലയം അദ്ദേഹത്തിനുണ്ടായിരുന്നു. പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ ദയയും കാരുണ്യവുമാണ് സേവാഗ്രാമിലെ വിജയരഹസ്യം.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART